STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.320/PR/SPMC/PHQ/2026 Date:29.07.2026

## പത്രക്കുറിപ്പ്

### പോൽ ആപ്പിലെ പോൽ-ബ്ലഡ് ശ്രദ്ധേയം :

### ഇതുവരെ രജിസ്റ്റർ ചെയ്തത് 1,23,004 പേർ

അവശ്യസമയത്ത് രക്തലഭ്യത ഉറപ്പാക്കുന്നതിന് കേരള പോലീസ് ആരംഭിച്ച ജനകീയ പദ്ധതിയാണ് പോൽ-ബ്ലഡ്. രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിന് പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്പിലൂടെയാണ് പോൽ-ബ്ലഡ് സംവിധാനം നടപ്പിലാക്കിയിരിക്കുന്നത്. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ സഹകരണത്തോടെ 2021ൽ ആരംഭിച്ച ഈ പദ്ധതി സുഗമമായ രക്ത ലഭ്യതയ്ക്ക് വഴിയൊരുക്കുന്നു. രക്ത ദാതാക്കളെയും രക്തം ആവശ്യമുള്ളവരെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ പ്ലാറ്റ്ഫോം കാവലിനൊപ്പം കരുതലും എന്ന ആപ്തവാക്യം അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കുന്നു.

രക്തം ആവശ്യമുള്ളവർക്കും സ്വമേധയാ രക്തം ദാനം ചെയ്യാൻ സന്നദ്ധരായവർക്കും ഈ സേവനം ഉപയോഗിക്കാം.

പോൽ-ബ്ലഡ് സംവിധാനത്തിലൂടെ രക്തത്തിനായുള്ള 88,936 അപേക്ഷകളാണ് ലഭിച്ചത്. 1,21,913 യൂണിറ്റ് രക്തമാണ് ആവശ്യപ്പെട്ടത്. ഇതിൽ 60,626 യൂണിറ്റ് രക്തം പോൽ ബ്ലഡ് സംവിധാനത്തിലൂടെ ആവശ്യക്കാർക്ക് ലഭ്യമാക്കാൻ കഴിഞ്ഞു.

ഇത്തരത്തിൽ പോൽ-ബ്ലഡ് സംവിധാനത്തിലൂടെ രക്തം ശേഖരിക്കുന്നതിനും രക്തം ദാനം ചെയ്യുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് പോൽ-ബ്ലഡ് കൺട്രോൾ റൂമും സജ്ജീകരിച്ചിട്ടുണ്ട്. 9497990500 എന്ന നമ്പറിൽ കൺട്രോൾ റൂമിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*****************************************************